**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 2801** — **12.10.2011-ൽ മറുപടിയ്ക്ക്**

# തൊഴിലുറപ്പ് പദ്ധതിയിലെ ജനപങ്കാളിത്തവും ആരോഗ്യ പരിരക്ഷയും

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്

എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് നിലവിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തു വരുന്നത് ;

**ഉത്തരം**

ശ്രീ.കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

എ). അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.
ബി). പരസ്യബോർഡ്, സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് എന്നിവ സ്ഥാപിക്കുന്നു.
സി). റാലികൾ, വീടുവീടാന്തരമുള്ള പ്രചരണം എന്നിവ സംഘടിപ്പിച്ചുകൊണ്ട് തൊഴിലുറപ്പ് വാരം ആചരിക്കുന്നുണ്ട്. ആഴ്ചയിലൊരു ദിവസം തൊഴിലുറപ്പു ദിനമായും ആചരിക്കുന്നുണ്ട്
ഡി). പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതി വെബ്സൈറ്റ് രൂപപ്പെടുത്തിയിട്ടുണ്ട്.
ഇ). നാടൻ കലാരൂപങ്ങൾ, തെരുവ് നാടകങ്ങൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. പൊതുജനങ്ങൾക്ക് സംശയ നിവാരണം നടത്തുന്നതിന് ജില്ലാ-സംസ്ഥാനതലങ്ങളിൽ ടോൾഫ്രീയായി ടെലഫോൺ സൗകര്യം ലഭ്യമാക്കി വരുന്നുണ്ട്.
എഫ്). ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലാളികൾ തുടങ്ങിയവർക്കായി പ്രത്യേക പരിശീലന പരിപാടികൾ, അവബോധ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | ജി). ചുവരെഴുത്ത്, ലഘുലേഖാ വിതരണം, കൈപുസ്തക വിതരണം എന്നിവ നടത്തി വരുന്നു.<br>(എച്ച്). എല്ലാ പ്രവൃത്തികളുടെ ആരംഭത്തിലും പ്രോജക്റ്റ് ഇനിഷിയേഷൻ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. |
| ബി. | സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയതു മുതലുള്ള ജനപങ്കാളിത്തത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | ബി. | സംസ്ഥാനത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി തുടങ്ങിയതു മുതലുള്ള ജനപങ്കാളിത്തത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ , വോളണ്ടിയർമാർ എന്നിവർക്ക് മതിയായ പരിശീലനവും പദ്ധതി വിജയപ്രദമായി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ/പ്രവൃത്തി സ്ഥലങ്ങളിൽ സന്ദർശന പരിപാടി മുതലായവ സംഘടിപ്പിക്കുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| സി. | ശക്തമായ പ്രചാരണ ബോധവൽക്കരണ പരിപാടിയിലൂടെ പ്രസ്തുത പദ്ധതിയിലേയ്ക്ക് കൂടുതൽ ആളുകളെ പ്രത്യേകിച്ച് യുവജനങ്ങളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | സി. | നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| ഡി. | പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ആരോഗ്യപരിരക്ഷ കൂടി ഉറപ്പുവരുത്തുന്ന തരത്തിൽ പദ്ധതി ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | ഡി. | തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്യുന്നവരുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിന് വ്യവസ്ഥയുണ്ട്. 15 ദിവസം തൊഴിൽ ചെയ്തവരെ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജനയിൽ അംഗങ്ങളാക്കുന്നു. പണിസ്ഥലത്ത് തണൽ, പ്രഥമ ശുശ്രൂഷയ്ക്കുള്ള കിറ്റുകൾ, ശുദ്ധമായ കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നുണ്ട്. പണിസ്ഥലത്ത് അപകടം പറ്റുന്ന തൊഴിലാളികൾക്ക് ചികിത്സാ ചെലവ് പദ്ധതിയിൽ നിന്നും വഹിക്കുന്നു. പണിസ്ഥലത്ത് തൊഴിലാളികളുടെ സുരക്ഷക്കായി കൈയുറ, ബൂട്ട്സ്, ഗോഗിൾസ് മുതലായവ ലഭ്യമാക്കുന്നു. വെള്ളക്കെട്ട് പ്രദേശങ്ങളിൽ പ്രവൃത്തിയെടുക്കുമ്പോൾ പ്രസ്തുത സ്ഥലം അണുവിമുക്തമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പണിസ്ഥലത്ത് വച്ച് മരണം സംഭവിച്ചാൽ തൊഴിലാളിയുടെ അടുത്ത ബന്ധുക്കൾക്ക് 25,000/- രൂപ എക്സ്-ഗ്രേഷ്യ പേയ്മെന്റായി നൽകുന്നതിന് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ.